## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6165** — **09-07-2024 - ൽ മറുപടിയ്ക്ക്**

### പ്രാഥമിക സഹകരണ ബാങ്കുകളുടെ സാമ്പത്തിക അച്ചടക്കം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. കെ. ബഷീർ,<br>ഡോ. എം. കെ. മുനീർ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | പ്രാഥമിക സഹകരണ ബാങ്കുകളുടെ സാമ്പത്തിക അച്ചടക്കം ഉറപ്പാക്കുന്നതിനായി കേരള ബാങ്ക് എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | പ്രാഥമിക സഹകരണ ബാങ്കുകളുടെ സാമ്പത്തിക അച്ചടക്കം ഉറപ്പാക്കുന്നതിനായി അവശ്യമായ നിർദ്ദേശം നൽകുന്നതിന് കേരള ബാങ്ക് PACS Advisory Committee രൂപീകരിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങൾക്ക് വായ്പകൾ അനുവദിച്ച് നൽകുമ്പോൾ സംഘങ്ങളിൽ 3 മാസത്തിലൊരിക്കൽ കൃത്യമായ പരിശോധനകൾ നടത്തി വായ്പകൾ കുടിശ്ശികയാകാതിരിക്കാൻ ആവശ്യം വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ കേരള ബാങ്കിന്റെ PACS Advisory Committee മുഖേന ചെയ്തു വരുന്നു. ഹ്രസ്വകാല കാർഷിക വായ്പകൾ പിൻവലിക്കാനുള്ള NODC വ്യവസ്ഥ 90% ത്തിൻ നിന്ന് 100% മായി ഉയർത്തിയിട്ടുണ്ട് ഇത് സംഘം വായ്പകളിലെ കുടിശ്ശിക കുറയ്ക്കുന്നതിന് പ്രയോജനപ്പെടുന്നതാണ്. ദുർബലമായ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള revival പദ്ധതി പ്രകാരം സംഘങ്ങളുടെ വായ്പകൾ ക്രമീകരിക്കുന്നതിനും അതിലൂടെ കുടിശ്ശിക കുറയ്ക്കുന്നതിനുമുള്ള നടപടികളും കേരളാ ബാങ്ക് സ്വീകരിച്ച് വരുന്നു. കൂടാതെ സമയ ബന്ധിതമായി ആർബിട്രേഷൻ/ എകസിക്യൂഷൻ നടപടികളും സ്വീകരിച്ച് വരുന്നു. OTS പദ്ധതിയിൽപ്പെടുത്തി സംഘങ്ങളുടെ വായ്പകൾക്ക് ഇളവുകൾ അനുവദിച്ചും വായ്പകൾ ക്ലോസ് ചെയ്യുന്നതിനുള്ള അവസരം നൽകി വരുന്നത് സംഘങ്ങളുടെ കുടിശ്ശിക കുറയ്ക്കുന്നതിന് സഹായകരമാകുന്നു. |
| (ബി) | മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രത്യേക റേറ്റിംഗിന്റെ അടിസ്ഥാനത്തിൽ കൂടുതൽ സാമ്പത്തിക സഹായം നൽകുമോ; വ്യക്തമാക്കുമോ; | (ബി) | കേരളാ ബാങ്കിന്റെ അംഗസംഘങ്ങളായ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് ബാങ്കിൽ നിന്നും വിവിധ തരം വായ്പകൾ അനുവദിച്ചു വരുന്നു. കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നതും, ഒരുവിധം നല്ല നിലയിൽ പ്രവർത്തനം കാഴ്ചവെയ്ക്കുന്നതും, ദുർബലമായി പ്രവർത്തിച്ച് |

| | | | |
|---|---|---|---|
| | | | വരുന്നതുമായ സംഘങ്ങളുണ്ട്. പ്രസ്തുത സംഘങ്ങളുടെ ശക്തി, ദൗർബല്യം, സാധ്യതകൾ, വെല്ലുവിളികൾ എന്നിവ വിലയിരുത്തി സംഘങ്ങളുടെ സാമ്പത്തിക സ്ഥിതി, ആസ്തികളുടെ നിലവാരം, പണത്തിന്റെ അനായാസമായ ലഭ്യത എന്നീ ഘടകങ്ങൾ വിലയിരുത്തി പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ Internal rating, Pricing Early warning signals എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ കേരളാ ബാങ്ക് സ്വീകരിച്ചു വരുന്നു. ഇവ പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തി നല്ല നിലയിലും, മധ്യ നിലയിലും, ദുർബലാവസ്ഥയിലും സ്ഥിതി ചെയ്യുന്ന സംഘങ്ങളെ തിരിച്ചറിഞ്ഞ് സഹായി ക്കുന്നതിനും, നല്ല നിലയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് കൂടുതൽ പരിശോധനകൾ ഒഴിവാക്കി കൂടുതൽ വായ്പകൾ വേഗതയിൽ നൽകുന്നതിനും കഴിയുന്നതാണ്. സംഘങ്ങളുടെ നിലവിലെ NPA കുറച്ചു കൊണ്ട് വരുന്നതിനും പുതിയ NPA സൃഷ്ടിക്കാതിരിക്കുന്നതിനും ഉതകുന്നതര ത്തിലുള്ള നടപടികൾ സ്വീകരിക്കുന്നതിനും സംഘങ്ങളുടെ diversion/imbalance, ഫണ്ട് ചോർച്ച, തരളധനം സൂക്ഷിക്കുന്നതിലെ അപര്യാപ്തത, നെഗറ്റീവ് നെറ്റ് വർത്ത്, NODC അപര്യാപ്തത എന്നിവ മുൻകൂട്ടി കണ്ടെത്തി പരിഹാര നിർദ്ദേശങ്ങൾ നൽകുന്നതിനും Internal rating, Pricing, Early warning signals സഹായിക്കുന്നു. കൂടാതെ ദുർബലമായ സംഘങ്ങളിൽ PACS Advisory committee കളുടെ പ്രത്യേക ശ്രദ്ധ കൊണ്ടുവരുന്നു. പ്രാഥമിക സഹകരണ സംഘങ്ങളുടെ വായ്പകൾ NPA യിലേക്ക് വീഴുന്നതിന് മുൻപ് Early warning signals പ്രകാരം നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | പ്രാഥമിക സഹകരണ ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നിരീക്ഷിക്കുന്നതിനുമായി എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നിരീക്ഷിക്കുന്നതിനുമായി Internal rating, Pricing, Early warning signals എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ കേരളാ ബാങ്ക് സ്വീകരിച്ചു വരുന്നു. പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കേരളാ ബാങ്കിന്റെ അംഗസംഘങ്ങളായ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് ബാങ്കിൽ നിന്നും വിവിധ തരം വായ്പകൾ അനുവദിച്ചു വരുന്നു. സംഘങ്ങളുടെ ശക്തി, ദൗർബല്യം, സാധ്യതകൾ, വെല്ലുവിളികൾ എന്നിവ വിലയിരുത്തി സംഘങ്ങളുടെ സാമ്പത്തിക സ്ഥിതി, ആസ്തികളുടെ നിലവാരം, പണത്തിന്റെ അനായാസമായ ലഭ്യത എന്നീ ഘടകങ്ങൾ |

| | | | | |
|---|---|---|---|---|
| | | | | വിലയിരുത്തി പ്രവർത്തിക്കുന്നതിന് Internal rating, Pricing, Early warning signals എന്നിവ സഹായിക്കുന്നതാണ്. ഇവ പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തി നല്ല നിലയിലും മധ്യ നിലയിലും ദുർബലാവസ്ഥയിലും സ്ഥിതി ചെയ്യുന്ന സംഘങ്ങളെ തിരിച്ചറിഞ്ഞ് സഹായിക്കുന്നതിനും, നല്ല നിലയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് കൂടുതൽ പരിശോധനകൾ ഒഴിവാക്കി കൂടുതൽ വായ്പകൾ വേഗതയിൽ നൽകുന്നതിനും കഴിയുന്നതാണ്. സംഘങ്ങളുടെ നിലവിലെ NPA കുറച്ചു കൊണ്ട് വരുന്നതിനും പുതിയ NPA സൃഷ്ടിക്കാതിരിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുന്നതിനും സംഘങ്ങളുടെ fund diversion/imbalance, ഫണ്ട് ചോർച്ച, തരളധനം സൂക്ഷിക്കുന്നതിലെ അപര്യാപ്തത, നെഗറ്റീവ് നെറ്റ് വർത്ത്, NODC അപര്യാപ്തത എന്നിവ മുൻകൂട്ടി കണ്ടെത്തി പരിഹാര നിർദ്ദേശങ്ങൾ നൽകുന്നതിനും Internal rating, Pricing, Early warning signals സഹായിക്കുന്നു. കൂടാതെ ദുർബലമായ സംഘങ്ങളിൽ PACS Advisory committee കളുടെ പ്രത്യേക ശ്രദ്ധ കൊണ്ടുവരുന്നു. പ്രാഥമിക സഹകരണ സംഘങ്ങളുടെ വായ്പകൾ NPA യിലേയ്ക്ക് വീഴുന്നതിന് മുൻപ് Early warning signals പ്രകാരം നടപടികൾ സ്വീകരിക്കാവുന്നതുമാണ്.<br><br>പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും നിരീക്ഷിക്കുന്നതിനുമായി നിലവിലുള്ള വകുപ്പുതല പരിശോധനകൾക്കു പുറമേ താലൂക്ക് തലത്തിലും, ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും ഇൻസ്പെക്ഷൻ ടീം രൂപീകരിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ